# 1

# ഞാൻ വെളിപ്പാട് പുസ്തകം ഇഷ്ടപ്പെടുന്നു!

ഞാൻ കുഴപ്പത്തിലാണെന്ന് എനിക്ക് മനസിലായി. അടുത്ത ബുധനാഴ്ച്ച മുതൽ, വെളിപ്പാട് പുസ്തകത്തെ കുറിച്ചുള്ള ബൈബിൾ പഠനം ഞാൻ നടത്തണമെന്ന്, ഒരു ഞായറാഴ്ച്ച രാവിലെ ഒരറിയിപ്പു വന്നു. എനിക്ക് ഇഷ്ടമുള്ള ഒരു വിദ്യാർത്ഥിനിയെ സമീപിച്ചു. മൂക്ക് ചുളിച്ചുകൊണ്ട് അവൾ പറഞ്ഞു, "എനിക്ക് പ്രശ്നമില്ല!"

എന്റെ സ്നേഹിത മാത്രമല്ല. വെളിപ്പാട് പുസ്തകത്തെ "പ്രശ്നമാക്കാതിരിക്കുന്നത്." ഞാൻ കുട്ടിയായിരുന്നപ്പോൾ, പ്രായപൂർത്തിയായവരുടെ ക്ലാസിൽ, ഞങ്ങളെ പഠിപ്പിച്ചിരുന്നത് – വെളിപ്പാട് പുസ്തകമെത്തുന്നതുവരെ വാക്യാനുസരണമായിട്ടായിരുന്നു. പലരും വളരെ വിഷമിച്ച് വെളിപ്പാട് 3 വരെ എത്തിക്കും, അതിനുശേഷം മത്തായി ഒന്നാം അദ്ധ്യായത്തിലേക്ക് മടങ്ങിപ്പോകുകയാണ് പതിവ്. "പുതിയനിയമപുസ്തകങ്ങളിൽ വെച്ച് ഏറ്റവും കുറച്ച് വായിച്ചിട്ടുള്ള പുസ്തകം ഒരുപക്ഷെ വെളിപ്പാട് ആയിരിക്കാം" എന്ന് ഫ്രാങ്ക് പാക്ക് പറഞ്ഞിട്ടുണ്ട്.[1] – ഇതു വായിക്കുകയും – പഠിക്കുകയും ചെയ്യുന്നവനെ അനുഗ്രഹിക്കുമെന്ന് പറഞ്ഞിട്ടുള്ള ഏകപുസ്തകം ഇതായിരിക്കെയാണ് ഇങ്ങനെ സംഭവിക്കുന്നത് എന്നോർക്കുക (1:3).

**ഞാൻ - ഇഷ്ടപ്പെടുന്ന വെളിപ്പാട് എന്തുകൊണ്ട് മറ്റുള്ളവർ ഇഷ്ടപ്പെടുന്നില്ല**

ക്രിസ്ത്യാനികൾക്കിടയിൽ പലർക്കും വെളിപ്പാട് പുസ്തകം ഇഷ്ടപ്പെടാതിരിക്കുന്നതിന് ഒരുപക്ഷെ പല കാരണങ്ങൾ ഉണ്ടാകാം.

(1) ആളുകൾ അതിനെ തെറ്റിദ്ധരിച്ചിരിക്കയാണ്. മറ്റു പുതിയനിയമ പുസ്തകങ്ങളിലേതുപോലെ അതിലെ ഉപദേശങ്ങൾ മിക്കതും ഉപരിതലത്തിൽനിന്ന് പെറുക്കി എടുത്ത് ഉപയോഗിക്കാവുന്നതല്ല.[2] കൂടാതെ, അതിലെ വാക്കുകൾ പരിചയമില്ലാത്തതും അസാധാരണ പ്രതിഛായകൾ ഉള്ളതുമാണ്. നമുക്ക് അതിനെ നേരിടാം: വെളിപ്പാട് ഒരു *അസാധാരണ* പുസ്തകമാണ്.

(2) ചിലർ അതിനാൽ നിരസിക്കപ്പെട്ടിട്ടുണ്ട്. ഈ പുസ്തകം സംഭ്രമജനകമായ വാർത്തകൾ പ്രചരിപ്പിക്കുന്നവരുടെ കളിസ്ഥലവും നീരസം പൂണ്ടവരുടേയും ഭ്രാന്തുപിടിച്ചവരുടേയും യുദ്ധപദ്ധതിയുമാണ്. ആധുനിക തലവാചകങ്ങളെല്ലാം തന്നെ അതിലെ പ്രവചനങ്ങളുടെ മുന്നറിയിപ്പാണെന്ന് റ്റിവി പ്രാസംഗികർ ഒരു മടിയും കൂടാതെ പറയും. അതിരുകവിഞ്ഞ മതാദ്ധ്യക്ഷന്മാർ വെളിപ്പാടിനെയും അതിലെ സൈനിക വാക്യങ്ങളെയും വേദഭാഗങ്ങളെയും അതിക്രമിക്കുന്നു.

(3) മിക്കപേരും അതിനാൽ ഭീഷണി നേരിട്ടിട്ടുണ്ട്. "... പുസ്തകം ഓരോന്നുണ്ടാക്കുന്നതിന് അവസാനമില്ല" എന്ന് വെളിപ്പാട് പുസ്തകത്തിന്റെ കമെന്ററികൾ മനസിൽ കണ്ടുകൊണ്ടാണോ ശലോമോൻ പറഞ്ഞത് (സഭാപ്രസംഗി 12:12; കെജെവി)? ഇതിനെ കുറിച്ചുള്ള വിശാലമായ

വ്യാഖ്യാനങ്ങൾ കാരണം വായനക്കാർ പറയുന്നത്, "വെളിപ്പാട് പുസ്തകം എടുത്തുകൊണ്ട് നിങ്ങൾക്ക് എന്തു വേണമെങ്കിലും പറയാം," കാരണം അടിസ്ഥാനപരമായി അതിലെ സന്ദേശം മനസിലാക്കുവാൻ കഴിയാത്തതാണ് എന്ന അഭിപ്രായം നിലവിലുണ്ട്.

ആ പുസ്തകം എല്ലാവരും ഇഷ്ടപ്പെടുന്നില്ല – എന്നാൽ എനിക്ക് ഇഷ്ടമാണ്. ബൈബിളിലെ ഭാഗങ്ങളിൽ എനിക്ക് ഇഷ്ടപ്പെട്ട ഒന്നാണ് വെളിപ്പാട്.

ഞാൻ ഒരു കുട്ടിയായിരുന്നപ്പോൾ, അത് എന്റെ സങ്കല്പത്തോട് സംസാരിച്ചു. പതിമൂന്നോ അല്ലെങ്കിൽ പതിന്നാലോ വയസ് പ്രായമുണ്ടായിരുന്നപ്പോൾ ഒരു വേനൽകാല ബൈബിൾ കാമ്പിൽ പങ്കെടുക്കുവാൻ പോയി. പങ്കാളികളെല്ലാം ഓരോ ദിവസവും ധ്യാനത്തിനായി പ്രത്യേകസമയം ചെലവിടുമായിരുന്നു. ഓരോരുത്തരും ബൈബിൾ വായിക്കുന്നതിനും, പ്രാർത്ഥിക്കുന്നതിനും, വചനത്തെ കുറിച്ചും ലോകത്തെ കുറിച്ചും ചിന്തിക്കുന്നതിന് പറ്റിയ ഏകാന്തസ്ഥലം കണ്ടുപിടിക്കണമായിരുന്നു. ഞാൻ ഒരിക്കലും വെളിപ്പാട് പുസ്തകം വായിച്ചിരുന്നില്ല, അതുകൊണ്ട് ഒരാഴ്ച്ച ആ പുസ്തകം വായിക്കാമെന്ന് ഞാൻ തീരുമാനിച്ചു. ആ പുസ്തകം വായിച്ചപ്പോൾ, എനിക്കിഷ്ടപ്പെട്ടു! അതിന്റെ അർത്ഥമെന്താണെന്ന് മനസിലായില്ല, പക്ഷെ പുസ്തകം എനിക്കിഷ്ടമായി! വിശാലമായ ഭാവന എന്നെ പിടിച്ചുകുലുക്കി. എന്റെ മനസിൽ, ആത്മിയമായി വിവിധ നിറത്തിലുള്ളതും അത്ഭുതകരമായ ആകൃതിയുള്ളതുമായ രംഗങ്ങൾ മാറ്റി മാറ്റി കാണിക്കുന്ന ചിത്രദർശിനി പോലെയാണ് തോന്നിയത്.

ഞാൻ യുവാവായി തീർന്നപ്പോൾ, ആ പുസ്തകം എന്റെ മനസിനോട് സംസാരിച്ചു. അബിലീൻ ക്രിസ്റ്റ്യൻ യൂണിവേഴ്സിറ്റി (അന്ന് കോളേജ്) യിൽ എനിക്ക് ഇഷ്ടപ്പെട്ട കോഴ്സായ "വെളിപ്പാട്" പഠിപ്പിച്ചിരുന്നത് ഫ്രാങ്ക് പാക്ക് ആയിരുന്നു. ഞാൻ വെളിപ്പാട് പുസ്തകം റെക്കോർഡ് ചെയ്തു അതിന്റെ വശങ്ങളും സുപരിചിതമാകുന്നതുവരെ കേട്ടുകൊണ്ടിരിക്കുമായിരുന്നു. സഹോദരൻ പാക്കിന്റെ നേതൃത്വത്തിൽ, എനിക്ക് പുസ്തകം തുറന്നു കിട്ടി. സങ്കീർണ്ണ പദപ്രയോഗങ്ങളെല്ലാം കുടുക്ക് നീങ്ങുന്നതായി എനിക്കനുഭവപ്പെട്ടു. (വാക്കുകൾ കൊണ്ടുള്ള കടങ്കഥ എപ്പോഴും എനിക്ക് ഇഷ്ടമാണ്[3]).

കഴിഞ്ഞ നാൽപതു വർഷങ്ങളായി, വെളിപ്പാട് എന്റെ ഹൃദയത്തോടും ആത്മാവിനോടും സംസാരിച്ചുകൊണ്ടിരിക്കുന്നു. ഞാൻ തുടർച്ചയായി ആ പുസ്തകം പഠിച്ചുകൊണ്ടിരിക്കുകയും, ഞാൻ എവിടെയെല്ലാം ഉപദേഷ്ടാവായി പ്രവർത്തിച്ചിട്ടുണ്ടോ അവിടെ എല്ലാം പഠിപ്പിക്കയും ചെയ്തുവന്നു. കൂടാതെ, ആസ്ട്രേലിയയിലെ, സിഡ്നിയിലുള്ള മെക്വയർ സ്കൂൾ ഓഫ് പ്രീച്ചിങ്ങിൽ എട്ടുവർഷം പഠിപ്പിക്കയും ചെയ്തിട്ടുണ്ട്. നന്മയും തിന്മയും തമ്മിൽ, ലോകത്തിലും എന്റെ ആത്മാവിലുമുള്ള പോരാട്ടത്തെ അറിഞ്ഞുകൊണ്ടാണ് ഞാൻ വളർന്ന് വന്നിട്ടുള്ളത്. വെളിപ്പാടിലെ സന്ദേശത്തേക്കാൾ എനിക്ക് ആവേശം പകർന്ന ചില ചിന്തകളുണ്ട്: *നാം ദൈവത്തോടുകൂടെ ആയിരുന്നാൽ വിജയം നിശ്ചയമാണ്!* എനിക്ക് ആ സന്ദേശം ആവശ്യമാണ്! ഒരുപക്ഷെ നിങ്ങൾക്കും ആവശ്യമായേക്കാം.

### എനിക്ക് നിർവഹിക്കാനും നിർവഹിക്കാതിരിക്കാനും - കഴിയുന്നതെന്ത്

സഹോദരൻ പാക്ക് എനിക്ക് ചെയ്തത് ഞാൻ നിങ്ങൾക്ക് ചെയ്യുവാൻ ആഗ്രഹിക്കുന്നു: നിങ്ങളെ വെളിപ്പാട് പുസ്തകത്തിൽകൂടെ ആവേശകരമായ

ഒരു യാത്രക്ക് കൊണ്ടുപോകുക എന്നതാണ് അത്. ആ പുസ്തകം പഠിക്കുവാൻ മനസിലാക്കുവാനും ആസ്വദിക്കുവാനും താത്വികവും സുബോധപൂർണ്ണവുമായ സമീപനമാണ് ഞാൻ സ്വീകരിച്ചിട്ടുള്ളത്. അബിലീൻ ക്രിസ്റ്റ്യൻ കോളേജിൽ നിന്നും ബിരുദം നേടി അധികം കഴിയുന്നതിനു മുമ്പ്, ഗ്രെയിറ്റർ ഓക്ലഹോമ സിറ്റിയിലെ വില്ലേജ് ചർച്ച് ഓഫ് ക്രൈസ്റ്റിൽ ഞാൻ വേളിപ്പാട് പുസ്തകം പഠിപ്പിക്കയുണ്ടായി. ഒരു ദിവസം എനിക്ക് തപാലിൽ ഒരു എഴുത്ത് കിട്ടി. അതിൽ, ഒരുഭാഗം ഇപ്രകാരം പറയുന്നു:

> ഞായറാഴ്ച്ച രാവിലെയുള്ള വെളിപ്പാട് പുസ്തകത്തെ കുറിച്ചുള്ള പാഠങ്ങൾ എനിക്ക് ഇഷ്ടമായി എന്നറിയിക്കുന്നതിനാണ് ഈ കുറിപ്പ് അയക്കുന്നത്. ഈ പരമ്പര പോലെ മറ്റു ക്ലാസുകൾ ആസ്വാദകരമായിരുന്നോ എന്ന് എനിക്ക് തീർച്ചയില്ല. ... രണ്ടോ മൂന്നോ പ്രാവശ്യം മുൻപ് ഞാൻ വെളിപ്പാട് പുസ്തകം പഠിച്ചിട്ടുണ്ട്. എന്നാൽ സത്യസന്ധമായി പറഞ്ഞാൽ ഈ പ്രാവശ്യം മാത്രമാണ് ശരിയായി മനസിലാക്കുവാൻ തുടങ്ങിയത്. നിങ്ങൾ അത് പ്രായോഗികമായും (കൂടുതൽ പ്രാധാന്യത്തോടെ) വിശ്വസനീയമായതുമായ സമീപനം എടുത്തതുകൊണ്ട് എനിക്ക് ഇപ്പോൾ വെളിപ്പാട് പുസ്തകം തരം തിരിക്കുവാൻ പോലും കഴിയുന്നുണ്ട്.[4]

ഈ പഠനം പൂർത്തിയാക്കി കഴിയുമ്പോൾ, “എനിക്ക് ഇപ്പോൾ വെളിപ്പാട് പുസ്തകം തരംതിരിക്കുവാൻ കഴിയും” എന്നു നിങ്ങൾക്ക് സത്യസന്ധമായി പറയുവാൻ കഴിയുമെങ്കിൽ ഞാൻ സന്തോഷിക്കും. ആ പുസ്തകത്തിലെ സന്ദേശം എടുത്ത് മറ്റുള്ളവർക്ക് പ്രത്യാശ പകർന്നുകൊടുക്കുവാൻ നിങ്ങൾക്ക് കഴിഞ്ഞാൽ എന്റെ ഹൃദയം സന്തോഷത്താൽ നിറയും.

പുസ്തകത്തിലെ ഓരോ വിശദാംശവും നൽകി നിങ്ങളെ തൃപ്തിപ്പെടുത്തുകയില്ല എന്ന് ആദ്യം തന്നെ മുന്നറിയിക്കട്ടെ. വെളിപ്പാട് പുസ്തകപഠനത്തിന്റെ “രസം,” അടയാളങ്ങളുടെ പ്രാധാന്യം *എന്ത്കൊണ്ടാണ്* പരിശുദ്ധാത്മാവ് ഭാവനാ സംഖ്യകൾ ഉപയോഗിച്ചിരിക്കുന്നത് എന്നാണ് ഞാൻ കരുതുന്നത് ഞാൻ *കരുതുന്നത* ിനോട് നിങ്ങൾ യോജിക്കുന്നതും വിയോജിക്കുന്നതും അപ്രധാനമാണ്. പുസ്തകത്തിന്റെ സന്ദേശം കിടക്കുന്നത് ഓരോ “മുടിനാരിഴയും കീറുന്നതിന്റെ” പ്രാധാന്യത്തിലല്ല, മറിച്ച് രേഖപ്പെടുത്തിയിരിക്കുന്ന ദർശനത്തിന്റെ ഫലത്തിലാണ്. സഹോദരൻ പാക്ക് പറഞ്ഞതുപോലെ, “... ഓരോ വിശദാംശങ്ങളും നിങ്ങൾക്ക് മനസിലായില്ലെങ്കിലും, മുഖ്യമായ പാഠങ്ങൾ നിങ്ങൾക്ക് മനസിലാക്കുവാൻ കഴിയും.”[5]

വെളിപ്പാട് പുസ്തകത്തെ സംബന്ധിച്ച്, സൈദ്ധാന്തികമായി തോന്നുന്നത് രണ്ട് വശങ്ങളിൽ മാത്രമാണ്: (1) പുസ്തകം വ്യക്തമായും ലളിതമായും വിശദമാക്കുന്ന കാര്യമാണെങ്കിൽ അതു സൈദ്ധാന്തിക വ്യാഖ്യാനമായി കണക്കാക്കാം. ഉദാഹരണത്തിന്, യേശു “ഏഴ് നിലവിളക്കുകളെ കുറിച്ച് പറഞ്ഞതു [1:12] ഏഴു സഭകളാണ്” (1:20), 1:12-ൽ പറയുന്ന നിലവിളക്കുകൾക്ക് വേറെ അർത്ഥമുള്ളതായി ആർക്കും പറയുവാൻ സാധ്യമല്ല. (2) വെളിപ്പാടിലെ വേദഭാഗങ്ങൾ പറയുന്നത് മറ്റു ഭാഗങ്ങളിൽ വ്യക്തമായി പഠിപ്പിക്കുന്നതിന് വിപരീതമായി ആരെങ്കിലും പഠിപ്പിച്ചാൽ സൈദ്ധാന്തികമായി “ആ വ്യാഖ്യാനം

തെറ്റ്" എന്നു നമുക്ക് പറയുവാൻ കഴിയും. അല്ലെങ്കിൽ, നാം ക്രിസ്തീയ അനുകമ്പ പ്രകടിപ്പിക്കണം. "നിങ്ങളിൽ കുറ്റമില്ലാത്തവൻ ആദ്യം കല്ലെറിയട്ടെ!"[6]

**ഉപസംഹാരം**

നിങ്ങളുടെ താല്പര്യം ജ്വലിപ്പിച്ചു എന്നാണ് ഞാൻ കരുതുന്നത്. നിങ്ങൾ സ്വർഗത്തിലേക്ക് പോകുവാൻ വെളിപ്പാട് അറിയണമെന്നില്ല, എന്നാൽ ഒന്നു ഞാൻ പറയട്ടെ: നിങ്ങൾ ഈ പുസ്തകത്തെ അവഗണിച്ചാൽ.

... യേശു വാഗ്ദാനം ചെയ്ത അനുഗ്രഹം നിങ്ങൾക്ക് നഷ്ടമാകും (1:3).

... യേശുവിനെ കുറിച്ച് കൂടുതലായി അറിയുവാനുള്ള അവസരവും നിങ്ങൾക്ക് നഷ്ടമാകും. (പുസ്തകത്തിന്റെ ഓരോ ഭാഗത്തിലേയും കേന്ദ്രബിന്ദു അവനാണ്.)

... നിങ്ങൾക്ക് ബൈബിളിന്റെ ക്ലൈമാക്സ് നഷ്ടമാകും. (മറ്റ് അറുപത്തി അഞ്ചു പുസ്തകങ്ങളും ഇതിലേക്കാണ് നയിക്കുന്നത്.)

... ജീവിതത്തിന്റെ അർത്ഥമെന്തെന്ന് മനസിലാക്കുവാൻ സഹായിക്കുന്ന നിർദ്ദേശങ്ങൾ നിങ്ങൾക്ക് നഷ്ടമാകും. (വിപരീതമെന്ന് തോന്നുമെങ്കിലും, യാഥാർത്ഥ്യം അപ്പോഴും ദൈവമാണ് നിയന്ത്രിക്കുന്നത് എന്നാണ്.)

... പ്രയാസങ്ങൾ നേരിടുന്ന സമയത്ത് ആവശ്യമായ ഉത്തേജനങ്ങൾ നിങ്ങൾക്ക് നഷ്ടമാകും. (ദൈവം എല്ലാം നേരെ ആക്കും.)

... നിങ്ങൾ വെളിപ്പാട് പുസ്തകത്തെ കുറിച്ചു വന്യമായ ഊഹാപോഹങ്ങളിൽ കുടുങ്ങിയാൽ ചെളിയിൽ ഉരുളുന്ന പന്നികളെ പോലെ തന്നെ ആയിരിക്കും.

... നിങ്ങൾ ആ ഊഹാപോഹത്തിന് വഴങ്ങുന്നവരായി - അത് സഭയെ അലങ്കോലപ്പെടുത്തുന്നതും, ക്രിസ്ത്യാനികൾ വീണുപോകുവാൻ അതു കാരണമാകുകയും ചെയ്യും.

ബുധനാഴ്ച്ചയിലെ ക്ലാസിൽ ഞാൻ വെളിപ്പാട് പഠിപ്പിച്ചപ്പോൾ, "എനിക്ക് അത് പ്രശ്നമല്ല" എന്ന് പറഞ്ഞ വിദ്യാർത്ഥി വെളിപ്പാട് പുസ്തകത്തെ അനുമോദിക്കണം എന്നതായിരുന്നു എനിക്കുണ്ടായിരുന്ന വെല്ലുവിളി. പിന്നെ ഞാൻ, ഈ പാഠങ്ങൾ എഴുതി തയ്യാറാക്കിയപ്പോൾ, ആ പുസ്തകത്തെ *നിങ്ങൾ* അനുമോദിക്കണം എന്നതായിരുന്നു ഒരു വെല്ലുവിളി. "വെളിപ്പാട് പുസ്തകം മനസിലാക്കുവാൻ മാത്രമല്ല, എഴുതുവാനും പ്രയാസമാണ്"[7] എന്നാണ് ഏൾ പാമർ പറഞ്ഞത്. നാം പഠനം ആരംഭിക്കുന്നതിന് മുൻപ് എന്റെ പ്രാർത്ഥന നിങ്ങൾ അതു സമ്മതിക്കും എന്നാണ്.

---

**ഉപദേഷ്ടാക്കന്മാർക്കും പ്രാസംഗികർക്കുമുള്ള കുറിപ്പുകൾ**

നിങ്ങൾക്ക് വെളിപ്പാട് പുസ്തകം പ്രസംഗിക്കുവാനും പഠിപ്പിക്കുവാനും സഹായകരമായി ഈ പരമ്പരയിലെ എല്ലാ പാഠങ്ങളുടേയും അവസാനം കുറിപ്പുകൾ ചേർത്തിട്ടുണ്ട്.

"ഓ കർത്താവേ, എത്രത്തോളം?" എന്ന പാഠത്തോടെ തുടങ്ങി വിരളമായി മാത്രം ചെയ്തിട്ടുള്ളത് ചെയ്യുവാനാണ് ഞാൻ ശ്രമിച്ചിട്ടുള്ളത്: പുസ്തകത്തിലെ എല്ലാ ഭാഗങ്ങളും ഉൾപ്പെടുത്തിയിട്ടുള്ള വെളിപ്പെടുത്തുന്ന *പ്രസംഗ പരമ്പര* യായിട്ടാണ് അവതരിപ്പിക്കുന്നത്. പാഠങ്ങളിലും, കുറിപ്പുകളിലും, അല്ലെങ്കിൽ അനുബന്ധലേഖനങ്ങളിലും മതിയായ വേദഭാഗങ്ങൾ

ഉൾപ്പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ട് – എന്നാൽ എന്റെ ഉദ്ദേശം, വെളിപ്പാടിനെ കുറിച്ചുള്ള ആയിരക്കണക്കിന് കമെന്ററികളോട് ചേർക്കുകയല്ല. പിന്നെയോ, ഈ പുസ്തകത്തിലെ *പ്രസംഗ* സാധ്യതകൾ എടുത്തുകാണിക്കുകയാണ്.

ആ വേദഭാഗത്തെ ഇന്ന് *പ്രായോഗിക* മാക്കുവാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ജെയിംസ് സ്ട്രാസൺ, വെളിപ്പാടിൽനിന്ന് തുറന്നു കാണിക്കുന്നത് നേരിടുവാൻ നിങ്ങളെ വെല്ലുവിളിയിൽ സഹായിക്കുക എന്നതാണ് എന്റെ വെല്ലുവിളി. ആ വിശ്വാസ്യത (മിസ്റ്റർ. സ്ട്രാസിന്റെ വാക്കുകൾ ഉപയോഗിക്കുവാൻ) വെളിപ്പാട് പുസ്തകത്തിന്റെ "ഇഴകൾ [തന്നെ] തുന്നിച്ചേർത്തിരിക്കുകയാണ്."

പാഠങ്ങൾ ഒരു ക്ലാസിൽ ഉപയോഗിക്കാവുന്നതാണ്: നിങ്ങളുടെ വിദ്യാർത്ഥികൾക്ക് പ്രായോഗികമാക്കുവാൻ സഹായകരമാണ് ഹൊമിലെറ്റിക്ക് സമീപനം. ഈ പാഠങ്ങൾ അനേകരെ പ്രസംഗിക്കുവാൻ പ്രചോദിപ്പിക്കുമെന്നാണ് എന്റെ വിശ്വാസം. ചിലർ ഒരുപക്ഷെ എല്ലാ പ്രസംഗങ്ങളും പ്രസംഗിക്കുവാൻ ആഗ്രഹിച്ചേക്കാം, എന്നാൽ മറ്റുള്ളവർ തിരഞ്ഞെടുക്കപ്പെടുന്നതു മാത്രം പ്രസംഗിച്ചേക്കാം; എങ്ങനെയും അവ ഉപയോഗിക്കുക.

ഇതിൽ ഉപയോഗിച്ച ചിത്രീകരണങ്ങൾ നല്ല ഒരു കലാകാരനായ, ബ്രയാൻ വാറ്റ്സ് തയ്യാറാക്കി എന്നതാണ് ഇതിന്റെ പ്രത്യേകത. ഈ ചിത്രീകരണങ്ങൾ അവതരണരൂപത്തിലാക്കുവാൻ വാറ്റ്സും ഞാനും ആഴ്ച്ചകൾ ചെലവഴിച്ചിട്ടുണ്ട്. നിങ്ങളുടെ പാഠങ്ങളോ പ്രസംഗങ്ങളോ വിപുലമാക്കി അവതരിപ്പിക്കുവാൻ ഇതിനെ പുനർനിർമ്മിക്കുകയോ/അല്ലെങ്കിൽ വേണ്ട മാറ്റങ്ങൾ വരുത്തുകയോ ചെയ്യാം. സ്ഥലപരിമിതി അനുസരിച്ച് അവ വേണ്ടത്ര ഇതിൽ ഉപയോഗിച്ചിട്ടുണ്ട്.

എങ്ങനെയായാലും, നമുക്ക് ആദ്യം വരേണ്ടത് ആദ്യം ഇടാം: വെളിപ്പാടുപുസ്തകവും അതിലെ ഉള്ളടക്കവും മൊത്തത്തിൽ നിങ്ങൾ ആദ്യം തന്നെ മനസിലാക്കണം. നാം പഠനം ആരംഭിക്കുമ്പോൾ, ഈ പരമ്പര നിങ്ങളുടെ വ്യക്തിപരമായ പഠനത്തിന് സഹായിക്കുന്ന ചില വിശദീകരണങ്ങൾ ഞാൻ നൽകട്ടെ.

വെളിപ്പാട് പുസ്തകത്തിലെ '' (1:2)'' തുടങ്ങിയ – മിക്ക വാക്യങ്ങളിലും – "വെളിപ്പാട്" എന്ന വാക്ക് ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട്, സന്ദർഭത്തിൽ ഉപയോഗിച്ച ഏതെങ്കിലും വാക്യത്തെ ബൈബിളിലെ പുസ്തകത്തിന്റെ പേർ പറഞ്ഞിട്ടില്ലെങ്കിൽ അതു വെളിപ്പാട് പുസ്തകത്തിലെ വാക്യമാണെന്ന് ധരിച്ചുകൊൾക.

എന്റെ വേദഭാഗമായി ഞാൻ ഉപയോഗിക്കുന്നത് ന്യു അമേരിക്കൻ സ്റ്റാൻഡേർഡ് ബൈബിൾ (എൻഏഎസ്ബി) ആയിരിക്കും, എന്നാൽ ഞാൻ ചിലപ്പോൾ, പ്രാധാന്യമുള്ള വ്യത്യാസം എടുത്തുകാണിക്കുവാൻ കിംജെയിംസ് വെർഷനും ഉപയോഗിക്കും (കെജെവി). സമയാസമയങ്ങളിൽ ഞാൻ മറ്റു തർജിമകളും ഉപയോഗിക്കും, ഉദാഹരണമായി ആംബ്ലിഫൈഡ് ബൈബിൾ (ഏബി), അമേരിക്കൻ സ്റ്റാൻഡേർഡ് വെർഷൻ (ഏഎസ്‌വി), കണ്ടെമ്പ്രററി ഇംഗ്ലീഷ് വെർഷൻ (സിഇഎവി), ന്യൂ സെഞ്ചുറി വിഷൻ (എൻസിവി), ന്യു ഇംഗ്ലീഷ് ബൈബിൾ (എൻഈബി), ന്യു ഇന്റർനാഷ്ണൽ വെർഷൻ (എൻഐവി), ന്യു കിം ജെയിംസ് വെർഷൻ (എൻകെജെവി), ന്യു റിവൈസ്ഡ് സ്റ്റാൻഡേർഡ് വെർഷൻ (എൻ ആർ എസ്വി), റിവൈസ്ഡ്

ഇംഗ്ലീഷ് ബൈബിൾ (ആർഈഡബി), റിവൈസ്ഡ് സ്റ്റാൻഡേർഡ് വെർഷൻ (ആർഎസ്‌വി), സിംഗിൾ ഇംഗ്ലീഷ് ബൈബിൾ (എസ്ഈഡബി), വേറെ വെർഷൻ ഉപയോഗിക്കുകയാണെങ്കിൽ അതിന്റെ പേർ പറഞ്ഞിരിക്കും. ചിലപ്പോൾ, ഞാൻ സമാന്തരപ്രയോഗങ്ങൾ ഉപയോഗിച്ചേക്കാം. ഉദാഹരണത്തിന്, ലിവിങ്ങ് ബൈബിൾ (എൽബി), ന്യു ലിവിങ്ങ് ട്രാൻസ്ലേഷൻ (എൻ എൽ റ്റി) തുടങ്ങിയവ. എന്നാൽ അവ തർജിമകളല്ല, സമാന്തരപ്രയോഗങ്ങൾ മാത്രമാണെന്ന് ഓർമ്മിക്കുക.

ചിലപ്പോൾ, വേറെ ചില ഉറവിടങ്ങൾ കുറിപ്പുകളിലും ഉപ ദേഷ്ടാക്കന്മാർക്കും പ്രാസംഗികർക്കുമുള്ള കുറിപ്പുകളിലും ചേർത്തിട്ടുണ്ട്. ചിലർക്ക് ആ പുസ്തകങ്ങൾ കിട്ടുവാൻ കഴിയുകയില്ലെങ്കിൽ പോലും, അതു കണ്ടെത്തുന്നവരുടെപ്രയോജനത്തിനാണ് കൊടുത്തിട്ടുള്ളത്. പാഠങ്ങൾ മനസിലാക്കുവാൻ ആ അനുബന്ധങ്ങൾ ആവശ്യമില്ല; അതുകൊണ്ട് അവ കിട്ടിയില്ലെങ്കിലും വിഷമിക്കേണ്ടതില്ല. (എനിക്കോ അല്ലെങ്കിൽ *ട്രൂത്ത് ഫോർ ടുഡേ* ഓഫീസിനോ ആ പാഠ്യപദ്ധതികൾ അയച്ചുതരുവാൻ സാധ്യമല്ല.)

ഉപകാരപ്രദമായ വിഭവങ്ങൾ തന്ന് എന്നെ സഹായിച്ച എല്ലാവരേയും ഞാൻ അനുമോദിക്കുവാൻ ആഗ്രഹിക്കുന്നു. വെളിപ്പാട് പുസ്തകത്തെ കുറിച്ചുള്ള അവരുടെ വിലയേറിയ കമെന്ററീസ് പലരും എന്നെ ഏല്പി ക്കയുണ്ടായി; ഹാർഡിങ്ങ് യൂണിവേഴ്സിറ്റി ലൈബ്രറി അവിടെയുണ്ടായിരുന്ന ലഭ്യമല്ലാത്ത പൗരാണിക സാഹിത്യങ്ങൾ ദീർഘ - കാലയളവിൽ എന്നെ ഉപ യോഗിക്കുവാൻ അവർ ദയവ് കാണിച്ചിരുന്നു; ഹാർഡിങ്ങ് യൂണിവേഴ്സിറ്റി ബുക്ക്സ്ടോറും മറ്റ് പുസ്തകവിൽപനശാലകളും കണ്ടെത്തു - വാൻ - പ്ര യാസമുള്ള വാല്യങ്ങൾ അന്വേഷിക്കുവാൻ സഹായിച്ചിട്ടുണ്ട്. വെളിപ്പാട് പുസ്തകത്തെ കുറിച്ചുള്ള നൂറിലധികം വാല്യങ്ങളും അദ്ദേഹത്തിന്റെ വിസ്തൃതമായ കുറിപ്പുകളും അടക്കമുള്ള ധാരാളം പുസ്തകശേഖരം ജാക്ക് ഡബ്ലിയു. ഹാൾ ട്രൂത്ത് ഫോർ ടുഡേ വേൾഡ് മിഷൻ സ്ക്കൂളിന് സംഭാവന ചെയ്തതായിരുന്നു വലിയ ഒരനുഗ്രഹം. വെളിപ്പാട് പുസ്തകത്തെ കുറിച്ച് ഒരു പുസ്തകം എഴുതുവാൻ സഹോദരൻ വാളിന് തന്റെ ആയുഷ്ക്കാലം മുഴുവൻ ഒരാഗ്രഹം ഉണ്ടായിരുന്നു, എന്നാൽ അദ്ദേഹത്തിന്റെ പാണ്ഡിത്യം ഈ പരമ്പരയെ സഹായിച്ചിട്ടുണ്ട്, കൂടാതെ ട്രൂത്ത് ഫോർ ടുഡേ ലൈബ്രറി ഉപയോഗിക്കുന്നവർക്ക് വർഷങ്ങളോളം അതു പ്രയോജനവും ചെയ്യും.

വെളിപ്പാട് പുസ്തകം പഠിക്കുന്ന നിങ്ങളെ ദൈവം അനുഗ്രഹിക്കുകയും – ഈ പഠനഫലമായി ഇത് മറ്റുള്ളവർക്ക് പകർന്നു കൊടുപ്പാനും ദൈവം നിങ്ങളെ അനുഗ്രഹിക്കയും ചെയ്യട്ടെ!

ഡേവിഡ് റോപ്പർ

---

കുറിപ്പുകൾ

[1]ഫ്രാങ്ക് പാക്ക്, റെവെലേഷൻ, പാർട്ട്, 1, ദ ലിവിങ്ങ് വേഡ് സീരീസ് (ആസ്റ്റിൻ, ടെക്സ്.: ആർ. ബി. സ്വീറ്റ് കമ്പനി., 1965), 5. [2]പുതിയനിയമത്തിലെ മറ്റെല്ലാ പു സ്തകങ്ങളിലേയും ഉപദേശങ്ങൾ മനസിലാക്കുവാൻ എളുപ്പമാണെന്നല്ല ഞാൻ പറയുന്നത്, പിന്നെയോ വെളിപ്പാടൊഴിച്ച് മിക്കവാറും ഉപദേശങ്ങളിലെ മുഖ്യ സന്ദേശങ്ങൾ, വ്യക്തവും, ലളിതവുമാണെന്നാണ്. [3]വെളിപ്പാട് പഠിക്കുന്നതിന്റെ ഏറ്റവും നല്ല കാരണം "കെട്ട് അഴിക്കുക" എന്നതാണെന്നല്ല ഞാൻ പറയുന്നത്, എന്റെ

ഇപ്പോഴത്തെ മനസിലാക്കലിന് സഹായിച്ചത് ഞാൻ സഞ്ചരിച്ച വഴിയാണ് എന്നാണ് ഞാൻ ലളിതമായി പറയുന്നത്. [4]ജെയിൻ ഹാർട്ട്, ഓക്ലഹോമ സിറ്റി, ടു ഡേവിഡ് റോപ്പർ. ഓക്ലഹോമ സിറ്റി, 28 ജൂലയ്, 1960. (എംഫസിസ് ഹേഴ്സ്.) [5]പാക്ക്, 4. [6]സി. എഫ്. വിസ്ഹാർട്ട്, ദ ബുക്ക് ഓഫ് ഡേ (ന്യുയോർക്ക്.: ഓക്സ്ഫോർഡ് പ്രസ്, 1935), vii. [7]ഏൾ എഫ്. പാർമർ, 1, 2, 3 ജോൺ & റെവെലേഷൻ, ദ കമ്മൂണിക്കേറ്റേഴ്സ് കമെന്ററി സീരീസ്, വാല്യം 12 (ഡല്ലാസ്: വേഡ് പബ്ലിഷിങ്ങ്, 1982), 93. [8]ജെയിംസ് സ്ട്രാസ്, ദ സിയർ, ദ സേവിയർ, ആന്റ് ദ സേവ്ഡ്, റെവ എഡി., ബൈബിൾ സ്റ്റഡി ടെക്സ്റ്റ് ബുക്ക് സീരീസ് (ജോപ്ലിൻ, മോ.: കോളേജ് പ്രസ്, 1979), 379.

---

### പുനരവലോകനത്തിനും ചർച്ചക്കുമുള്ള ചോദ്യങ്ങൾ

1. എന്തുകൊണ്ടാണ് ചിലർ വെളിപ്പാട് പുസ്തകം പഠിക്കുവാൻ മടിക്കുന്നത്? *നിങ്ങൾക്ക്* മടിയുണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ട്?
2. വെളിപ്പാട് പുസ്തകത്തിൽ കാണുന്നുണ്ടെന്ന് ആളുകൾ പറയുന്ന എന്തു വന്യമായ ഉപദേശമാണ് *നിങ്ങൾ* കേട്ടിട്ടുള്ളത്?
3. ഈ പാഠത്തിൽ ലേഖകൻ തന്നോട് പുസ്തകം സംസാരിക്കുന്നു എന്നു പറഞ്ഞ മൂന്നു വിധങ്ങൾ ഏവ?
4 പുസ്തകത്തിൽ പറഞ്ഞിട്ടുള്ള *തെല്ലാം* മനസിലാക്കിയാൽ മാത്രമാണോ അനുഗ്രഹങ്ങൾ ലഭിക്കുക? നേരെ മറിച്ച്, പുസ്തകത്തിൽ പറഞ്ഞിട്ടുള്ള ഏതാനും കാര്യങ്ങൾ *മാത്രം* മനസിലായാൽ നാം അനുഗ്രഹിക്കപ്പെടുമോ?
5. നമുക്ക് അന്യോന്യം കൂട്ടായ്മ ഉണ്ടാകുവാൻ വെളിപ്പാട് പുസ്തകത്തിൽ പറഞ്ഞിട്ടുള്ളത് *എല്ലാം* മനസിലാക്കേണ്ടതായിട്ടുണ്ടോ?
6. ഈ പുസ്തകത്തെ സംബന്ധിച്ച് ഏതെല്ലാം രണ്ട് വശങ്ങളിലാണ് നമുക്ക് സൈദ്ധാന്തികമാകുവാൻ കഴിയുന്നത്?
7. പുസ്തകം പഠിക്കേണ്ടതിനുള്ള ചില കാരണങ്ങൾ നൽകുക. ഈ പുസ്തക പഠനത്തിൽനിന്ന് എന്തു ലഭിക്കുമെന്നാണ് *നിങ്ങൾ* പ്രതീക്ഷിക്കുന്നത്?